# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**


---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 01-07-2012

## സ്കൂൾ ഉച്ചഭക്ഷണം പ്രതിസന്ധിയിലാക്കുന്ന സർക്കാർ ഉത്തരവ് പിൻവലിക്കണം

**കെ.എസ്.ടി.എ**

സ്കൂൾ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണ പരിപാടി പ്രതിസന്ധിയിലാക്കുന്ന പുതിയ ഉത്തരവ് പിൻവലിക്കണമെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. രു ദിവസംമുമ്പ് പുറത്തിറങ്ങിയ പുതിയ ഉത്തരവനുസരിച്ച് അരി മാത്രമേ സിവിൽ സപ്ലൈ സിൽ നിന്നും നൽകുകയുള്ളൂ. പയറിന്റെയും മറ്റു ധാന്യങ്ങളുടെയും വിതരണം നിർത്ത ലാക്കി. പാചക ഇന്ധനം, മുട്ട, പാൽ, പയർ, പാചകക്കൂലി എന്നിവയ്ക്കായി 100 കുട്ടിക ളിൽ കൂടുതലുള്ള സ്കൂളിൽ ഇനിമുതൽ ഓരോ കുട്ടിക്കും 5 രൂപ ക്രമത്തിലേ അനുവദി ക്കുകയുള്ളൂ. 100 കുട്ടികളിനു താഴെയാണെങ്കിൽ 4 രൂപയും പാചകക്കൂലിയും നൽകും. പുതിയ ഉത്തരവിനുമുമ്പ് പാചകക്കൂലിക്കും ഭക്ഷ്യധാന്യങ്ങൾക്കും പുറമെ ചിലവാകുന്ന മുഴുവൻ തുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസിൽ നിന്നും അനുവദിക്കുമായിരുന്നു. കഴിഞ്ഞ ഒരു വർഷക്കാലത്തെ കുടിശിക സ്കൂളുകളിൽ കിട്ടാനു്. യു.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ തുക നൽകുന്നതിനുള്ള ഒരു നടപടിയും സ്വീക രിച്ചിട്ടില്ല. ലക്ഷക്കണക്കിന് രൂപയുടെ ബാധ്യതയാണ് ഇതിന്റെ ഫലമായി ഹെഡ്മാ സ്റ്റർമാർക്ക് വന്നുചേർന്നിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് ഇതിനായി അനുവദിച്ച തുക സംസ്ഥാന സർക്കാർ ഫിൽ തങ്ങിനിൽക്കുകയാണ്. ഇതിനു പരിഹാരം കാണണ മെന്ന് ആവശ്യപ്പെട്ടപ്പോഴാണ് നിലവിലുള്ളത് നിർത്തിലാക്കികൊ് ഉത്തരവായത്.

പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്കുള്ള പോഷകാഹാര പദ്ധതി അട്ടിമറിക്കാ നുള്ള നീക്കത്തിന്റെ ഭാഗമാണിത്. പുതിയ ഉത്തരവ് പിൻവലിച്ച് പയർ ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങൾ നൽകുകയും മതിയായ തുക സ്കൂളുകൾക്ക് അനുവദിക്കുകയും ചെയ്യ ണമെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ ആവശ്യപ്പെട്ടു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി

# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 01-07-2012

## ഏരിയ ഇന്റൻസീവ് സ്കൂൾ അധ്യാപകർക്ക് അർഹമായ ആനുകൂല്യം നൽകണം

**കെ.എസ്.ടി.എ**

**മലബാർ മേഖലയിലെ ഏരിയാ ഇന്റൻസീവ് സ്കൂളുകളിലെ അധ്യാപകർക്ക് അർഹമായ ആനുകൂല്യം നൽകണമെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാനുള്ള തീരുമാനം പിൻവലിക്കണം. നാട്ടുകാർ നൽകിയ സ്ഥലവും കേന്ദ്രഗവൺമെന്റിന്റെ ഫുകൊു നിർമ്മിച്ച കെട്ടിടങ്ങളും ട്രസ്റ്റുകൾക്ക് സ്വന്തമാക്കാൻ വേിയാണ് എയ്ഡഡ് പദവി നൽകാൻ തീരുമാനിച്ചത്. അധ്യാപകർക്ക് ശമ്പളം നൽകുന്നത് സർക്കാരാണ്. 20 വർഷത്തോളം സർവ്വീസുള്ള ഇവർക്ക് തുടക്കക്കാരുടെ ശമ്പളം മാത്രമേ നൽകുന്നുള്ളൂ. അധ്യാപകർക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കണമെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ ആവശ്യപ്പെട്ടു.**

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി